## പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.216 05.10.2016 ന് മറുപടിയ്ക്ക്.

### നാട്ടാന പരിപാലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.അബ്ദുൽ ഹമീദ്.പി.<br>ശ്രീ.പി.അബ്ദുൽ റസാക്ക് | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) നാട്ടാനകളുടെ രജിസ്ട്രേഷനിലും പരിപാലനത്തിലും കാലോചിത മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) നാട്ടാനകളെ രജിസ്റ്റർ ചെയ്യാൻ വന്യജീവി സംരക്ഷണ നിയമം അനുശാസിക്കുന്നില്ലെങ്കിലും 05.12.2008 ൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച സർക്കുലർ പ്രകാരം നാട്ടാനകൾക്ക് മൈക്രോചിപ്പ് ഘടിപ്പിച്ച് രജിസ്റ്റർ ചെയ്തിരുന്നു. കൂടാതെ ബഹു. സുപ്രീം കോടതിയിൽ വിചാരണയിലിരിക്കുന്ന WP(C)743/2014 കേസ്സിലെ 18.08.2015 ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ അമ്പലങ്ങളും ദേവസ്വങ്ങളും 2012 ലെ നാട്ടാന പരിപാലനചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള ജില്ലാതല കമ്മിറ്റി മുമ്പാകെ രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നു.<br><br>ഇന്ത്യയിലാദ്യമായി നാട്ടാനകളുടെ സംരക്ഷണത്തിനും ആരോഗ്യ പരിപാലനത്തിനുമായി ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളത് കേരള സംസ്ഥാനത്തിലാണ്. 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ സെക്ഷൻ 64(2) പ്രകാരം സംസ്ഥാന സർക്കാരിനുള്ള പ്രത്യേക അവകാശമുപയോഗിച്ചാണ് 2003-ൽ കേരള നാട്ടാന പരിപാലന ചട്ടം (Kerala Captive Elephants |

Management and Maintennace Rules, 2003) പ്രാബല്യത്തിൽ കൊണ്ടുവന്നത്. ഈ ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തി, വീണ്ടും 2012-ൽ Kerala Captive Elephants Management and Maintennace Rules, 2012 നിലവിൽ വന്നു. കാലോചിതമായ മാറ്റങ്ങൾ വരുത്തിയാണ് 2012 ഡിസംബർ 18-നു സർക്കാർ ടി ചട്ടം വിജ്ഞാപനം ചെയ്തിട്ടുള്ളത്. 08.01.2008 ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച സർക്കുലറിലെ നിർദ്ദേശങ്ങളും കൂടി പരിഗണിച്ചാണ് 2012 ലെ ചട്ടങ്ങൾ രൂപീകരിച്ചത്. ആയതിൽ മാറ്റങ്ങൾ വരുത്തുന്നതിനായുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) നാട്ടാനകളോടുള്ള പാപ്പാന്മാരുടെ ക്രൂരത നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) നാട്ടാനകളോട് പാപ്പാന്മാർ ക്രൂരത കാട്ടുന്നത് തടയുന്നതിനായുള്ള നിബന്ധനകൾ 2012-ലെ കേരള നാട്ടാന പരിപാലന ചട്ടത്തിൽ തന്നെ നിഷ്കർഷിച്ചിട്ടുണ്ട്. നാട്ടാനകളെ ഉപദ്രവിക്കുന്നത് തടയുന്നതിനായി, നാട്ടാനകളെ നിയന്ത്രിക്കുന്നതിന് ഇരുമ്പ് കൊണ്ടുള്ള തോട്ടി നിരോധിച്ചുകൊണ്ട് 2015 ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനു പുറമെ ആനപരിപാലനത്തിൽ പാപ്പാന്മാർക്ക് പരിശീലനം നൽകുന്നുമുണ്ട്.

(സി) വൈൽഡ് ലൈഫ് എസ്.ഒ.എസ്. എന്ന സന്നദ്ധ സംഘടനയുടെ സഹായം ഇക്കാര്യത്തിൽ ഉപയോഗപ്പെടുത്തുമോ?

(സി) നാട്ടാനകൾക്ക് ശരിയായ പരിപാലനം നൽകുന്ന വിഷയത്തിൽ വൈൽഡ് ലൈഫ് എസ്.ഒ.എസ് എന്ന സംഘടനയുടെ സഹായം സ്വീകരിക്കേണ്ടതുണ്ടോ എന്ന് സർക്കാർ തീരുമാനമെടുത്തിട്ടില്ല.

Vatsala-S [signature]

സെക്ഷൻ ഓഫീസർ